A4/49/2022-TC

തീയതി : 10/08/2022

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് , തൈക്കാട് പി.ഒ
തിരുവനന്തപുരം – 695 014

ഇ-മെയിൽ : tcoffice.mvd@kerala.gov.in | വെബ്: www.mvd.kerala.gov.in | ☎ :0471– 2333317

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മിഷണർമാർക്കും

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ് – ജീവനകാര്യം – ഓഫീസ് അറ്റൻഡന്റ്മാരുടെ ചെക്ക്പോസ്റ്റ് നിയമനവുമായി ബന്ധപ്പെട്ട് – നിർദ്ദേശം നൽകുന്നത് – സംബന്ധിച്ച്.

സൂചന :-
1. 10/10/2017 – ലെ G.O.(Ms) No. 79/2017/Trans നമ്പർ സർക്കാർ ഉത്തരവ്.
2. 30/09/2018 – ലെ G.O.(Ms) No. 59/2018/Trans നമ്പർ സർക്കാർ ഉത്തരവ്
3. 09/11/2018 – ലെ C1/105/Trans നമ്പർ സർക്കാർ കത്ത്.
4. 26/04/2022 – ലെ A4/49/2022/TC നമ്പർ ഉത്തരവ്.
5. ഉത്തരമേഖല ഡി റ്റി സി യുടെ 01/08/2022, 27/07/2022 – ലെ കത്ത് നമ്പർ. D/e-370773/2022/DTCNZ..

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മോട്ടോർ വാഹന വകുപ്പിന്റെ ചെക്ക് പോസ്റ്റുകളിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട് ചെക്ക്പോസ്റ്റ് നിയമനത്തിന് കളങ്കരഹിതമായ സേവനചരിത്രം നിർബന്ധമാക്കണമെന്നും കൂടാതെ വിജിലൻസ്, ധനകാര്യ (പരിശോധനാവിഭാഗം), മോട്ടോർ വാഹനം, ഗതാഗതം എന്നീ വകുപ്പുകളിൽ നിന്നോ ഉള്ള പരിശോധനയുടെ ഭാഗമായി ചെക്ക്പോസ്റ്റുകളിൽ നിയമിക്കാൻ പാടില്ലായെന്ന് ശിപാർശ ചെയ്യപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥരെ ഒഴിവാക്കേണ്ടതാണെന്ന സൂചന (1) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അത്തരം ജീവനക്കാരെ ഒഴിവാക്കിയാണ് നിലവിൽ ചെക്ക്പോസ്റ്റ് നിയമനങ്ങൾ നടത്തുന്നത്.

വകുപ്പിലെ ഓഫീസ് അറ്റൻഡന്റ്മാരിൽ ഭൂരിഭാഗം പേരും വനിതാജീവനക്കാരാണ്. മാത്രവുമല്ല, പുരുഷ ഓഫീസ് അറ്റൻഡന്റ്മാരിൽ ഭൂരിഭാഗം പേരും അച്ചടക്കനടപടി നേരിടുന്നവരാണ്. ആയതിനാൽ ചെക്ക്പോസ്റ്റുകളിൽ മൂന്നു

ഓഫീസ് അറ്റൻഡന്റുമാർ ആവശ്യമാണെങ്കിലും ഉത്തര മേഖല, മധ്യമേഖല – II എന്നീ മേഖലകളിലെ ചില ചെക്ക്പോസ്റ്റുകളിൽ രണ്ടു പേരെ മാത്രമേ നിയമിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. ഇത് അടിയന്തിര സാഹചര്യങ്ങളിൽ പകരം ക്രമീകരണം ഏർപ്പെടുത്തുവാൻ ബുദ്ധിമുട്ട് നേരിടുന്നതായി സൂചന (5) പ്രകാരം ഉത്തരമേഖല ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മിഷണർ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ അടിയന്തിര ഘട്ടങ്ങളിൽ പകരം സംവിധാനം ഏർപ്പെടുത്തുന്നതിന് എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മിഷണർമാർക്കും താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. സാമ്പത്തിക ക്രമക്കേടുകൾക്ക് (വിജിലൻസ് പരിശോധനയിൽ പണം അധികമായി കണ്ടെത്തുകയോ പണത്തിൽ തിരിമറി നടത്തുകയോ ചെയ്യുക മുതലായവയ്ക്ക്) അച്ചടക്കനടപടി നേരിടുന്നവരെ ഒഴിവാക്കിയതിനു ശേഷം, റൂൾ 16 പ്രകാരം ലഘു ശിക്ഷയ്ക്ക് അച്ചടക്കനടപടി നേരിടുന്നവരെ ടി ഉദ്യോഗസ്ഥനെതിരായ അച്ചടക്ക നടപടി വിലയിരുത്തിയശേഷം പരിഗണിക്കേണ്ടതാണ്. ഇപ്രകാരം ക്രമീകരണം ഏർപ്പെടുത്തുമ്പോൾ ആയത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സഹിതം അന്നേ ദിവസം തന്നെ ട്രാൻസ്പോർട്ട് കമ്മിഷണറുടെ സാധൂകരണത്തിനായി സമർപ്പിക്കേണ്ടതുമാണ്.

2. ചെക്ക്പോസ്റ്റുകളോട് അടുത്ത ഓഫീസിൽ ജോലി ചെയ്യുന്ന വനിതാ ഓഫീസ് അറ്റൻഡന്റുമാരെ പകൽ സമയങ്ങളിൽ ചെക്ക് പോസ്റ്റുകളിൽ ഡ്യൂട്ടിയ്ക്ക് നിയോഗിക്കാവുന്നതാണ്.

**Digitally signed by LALI K**
Date:Wed Aug 10 15:16:42 IST 2022
**Reason:** Approved

വിശ്വസ്തതയോടെ,

**Lali K**
**Senior Administrative Officer**

പകർപ്പ് :-

റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ